കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീയുടെ സാമ്പത്തിക ഇടപാടുകൾ പരിശോധിക്കുന്ന ചുമതല ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗത്തിന് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം. എസ്)നം. 236/2011/തസ്വഭവ          തിരുവനന്തപുരം, തീയതി: 28/09/2011.

---

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/06/2010 ലെ കെ.എസ്/901/2007/ഇ നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ സംസ്ഥാന - ജില്ലാ മിഷൻ ഓഫീസുകളിലെ ധനവിനിയോഗം പ്രതിവർഷം കുറഞ്ഞത് മൂന്ന് തവണയെങ്കിലും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ 2004-05, 2005-06 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നുവെന്നും, എന്നാൽ നിലവിലുള്ള സ്റ്റാഫ് സംവിധാനം വച്ച് ആയത് പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ലായെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 1 ലെ കത്തിലൂടെ സർക്കാരിനെ അറിയിച്ചിരുന്നു. മേൽ സാഹചര്യത്തിൽ കുടുംബശ്രീയിൽ ഒരു ഇന്റേണൽ ആഡിറ്റ് വിംഗ് തുടങ്ങുന്നതിന് ഒരു സൂപ്രണ്ട്, രണ്ട് ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് എന്നിവരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ഉത്തരവാകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ സംസ്ഥാന-ജില്ലാ മിഷൻ ഓഫീസുകളിലെ ധനവിനിയോഗം പരിശോധിക്കുന്ന ചുമതല ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗത്തിന് നൽകുകയും ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പിന് (12-07-2011 ലെ 51289/ഡെവ. 1/11/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ